## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6434 11.07.2012 ലെ മറുപടിയ്ക്ക്

## ക്യാൻവാസിംഗ് ഏജന്റുമാരുടെ കമ്മീഷൻ തിരികെ പിടിക്കുന്ന കെ. എസ്. എഫ്. ഇ. നടപടി റദ്ദാക്കണമെന്ന ആവശ്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| കെ.എസ്.എഫ്.ഇ.യിൽ ക്യാൻവാസ്സിംഗ് ഏജൻറുമാർ ചിറ്റാളന്മാരെ ചേർത്ത ചിട്ടികളിൽ രണ്ടും മൂന്നും തവണ കുടിശ്ശിക വന്നാൽ ഏജൻറുമാരുടെ കമ്മീഷൻ തിരികെ പിടിയ്ക്കുന്ന കെ.എസ്.എഫ്.ഇ.യുടെ നടപടി റദ്ദാക്കാനുള്ള നടപടി സ്വീകരിയ്ക്കുമോ; ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ചിട്ടി തുടങ്ങിക്കഴിഞ്ഞ ഉടൻ ക്യാൻവാസ്സിംഗ് ഏജൻറ് ചേർത്ത ടിക്കറ്റിന്മേൽ ഏജൻറിന് കൊടുക്കുന്ന കമ്മീഷൻ തുക പ്രസ്തുത ചിറ്റാളൻ അടുത്ത രണ്ടു/ മൂന്നു തവണയും കൂടി അടയ്ക്കുമ്പോൾ മാത്രമേ കമ്പനിയ്ക്ക് ലഭിയ്ക്കുന്നുള്ളു. കുടിശ്ശിക വരുത്തുന്ന സാഹചര്യത്തിൽ കമ്പനിയ്ക്കുണ്ടാവുന്ന നഷ്ടം ഒഴിവാക്കുവാനാണ് ഏജൻറുമാർ ചേർത്ത ചിട്ടി ടിക്കറ്റുകളിൽ രണ്ടും മൂന്നും തവണകൾ മുടക്കു വന്നാൽ ഏജൻറിന് നൽകിയ കമ്മീഷൻ തുക തിരിച്ചു പിടിയ്ക്കണമെന്ന് മാനേജ്മെൻറ് തീരുമാനമെടുത്തത്. ചിട്ടിയുടെ മൂന്നു തവണയെങ്കിലും അടയ്ക്കുന്ന സാഹചര്യത്തിൽ ചിട്ടി ക്യാൻവാസ്സിംഗ് കമ്മീഷൻ തിരിച്ചു പിടിയ്ക്കുന്നില്ല. തവണകൾ മുടക്കു തീർക്കുന്നതോടു കൂടി ഇത്തരത്തിൽ പിടിച്ച കമ്മീഷൻ തുക തിരിച്ചു നൽകാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കമ്പനിയുടെ സുഗമമായ നടത്തിപ്പിനും നല്ല ഇടപാടുകൾക്കും വേണ്ടി കമ്പനിയെടുത്ത നടപടിയിന്മേൽ ഇടപെടാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ